# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3631

15/07/2015 -ൽ മറുപടിക്ക്

### താനൂരിലൂടെ കടന്നു പോകുന്ന ജലപാത പൂർത്തീകരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) താനൂരിലൂടെ കടന്നു പോകുന്ന ദേശീയ ജലപാതയായ കനോലി കനാൽ ഉള്ളാൽ മുതൽ പൂരപ്പുഴ വരെ എത്ര ദൂരത്തിലാണ് പൂർത്തീകരിച്ചത്; | (എ) കനോലി കനാലിന്റെ (താനൂർ-കൂട്ടായി) ഉണ്ണ്യാലിനും പൂരപ്പുഴയ്ക്കും ഇടയിൽ 1920 മീറ്റർ നീളം വികസന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) ഇനി താനൂർ നിയോജക മണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരം പൂർത്തീകരിക്കാനുണ്ട്; | (ബി) താനൂർ നിയോജക മണ്ഡലത്തിൽ ഇനി ഏകദേശം 10.50 കി.മീ ദൂരം വികസിപ്പിക്കുവാൻ ബാക്കിയുണ്ട്. |
| (സി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണം ബഹു: മുഖ്യമന്ത്രി മലപ്പുറത്തെ ജനസമ്പർക്ക പരിപാടിയിൽ പ്രഖ്യാപിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) താനൂർ കേന്ദ്രമാക്കി കനോലികനാൽ ടൂറിസം സർക്ക്യൂട്ടാക്കി വികസിപ്പിക്കൽ എന്ന പദ്ധതി മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ പ്രാഥമിക റിപ്പോർട്ട് 23-06-2015 ൽ ഇറിഗേഷൻ ഡിവിഷൻ, മലപ്പുറം ഓഫീസിൽ നിന്നും ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ഇതു സംബന്ധിച്ച തുടർനടപടികൾ ജില്ലാ ഭരണകൂടം സ്വീകരിച്ച് സർക്കാരിൽ അനുമതിയ്ക്കായി ലഭ്യമാക്കേണ്ടതുണ്ട്. അനുമതി നൽകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ